Kerala Gazette No. 36 dated 3rd September 1957.

PART II

പരസ്യം.

നമ്പർ എൽ. എ. 4-1144/57. 1957 ആഗസ്റ്റ് 24.

ഈ അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ, ഉദ്ദേശകാരണ വിവരണസഹിതം, സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്, വി. കൃഷ്ണമൂർത്തി,
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേറ്റീവ് അസംബ്ലി.

1957-ലെ, കേരള നമ്പൂതിരി ബിൽ.

നമ്പൂതിരിമാരുടെയിടയിൽ കൂട്ടുഭരണത്തിനും, ഇല്ലംവക സ്വത്തുക്കൾ ഭാഗിക്കുന്നതിനും വ്യവസ്ഥചെയ്യുന്ന ഒരു ബിൽ.

പീഠിക.— കേരളസംസ്ഥാനത്തെ നമ്പൂതിരിമാരുടെ ഇടയിൽ കൂട്ടുഭരണത്തിനും, ഇല്ലംവക സ്വത്തുക്കൾ ഭാഗിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാംസംവത്സരത്തിൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.— (1) ഈ ആക്ടിനു 1957-ലെ കേരള നമ്പൂതിരി ആക്ട് എന്ന പേർ പറയാം.

(2) ഇതിനു കേരളസംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഗസററിൽ പരസ്യംമൂലം ഗവണ്മെന്റ നിശ്ചയിക്കാവുന്ന തീയതിക്ക് ഇതു ഊർജ്ജിതത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— ഈ ആക്ടിൽ, സന്ദർഭത്തിനു മററുവിധത്തിൽ ആവശ്യമുണ്ടാകുന്നതായാലൊഴികെ,—

(എ) "അനന്തരവൻ" എന്നതിനു ഇല്ലത്തെ കാരണവനല്ലാത്ത ഏതെങ്കിലും അംഗം എന്നർത്ഥമാകുന്നു.

(ബി) "ഇല്ലം" എന്നതിനു ഒരു നമ്പൂതിരിക്കൂട്ടുകുടുംബത്തിലെ സ്വത്തുക്കൾക്കു പൊതുവെ അവകാശമുള്ള എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും, ഒരു 'മന' അതിൽ ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം.— ഒരു സ്ത്രീ, അവളുടെ വിവാഹത്തോടുകൂടി, അവൾ ജനിച്ച ഇല്ലത്തെ അംഗമല്ലാതായിത്തീരുന്നതും, അവളുടെ ഭർത്താവിന്റെ ഇല്ലത്തെ അംഗമായിത്തീരുന്നതുമാകുന്നു;

(സി) "കാരണവൻ" എന്നതിനു ഒരു ഇല്ലത്തെ സ്വത്തുക്കളുടെ നടത്തിപ്പിനുള്ള അവകാശം നിക്ഷിപ്തമായിരിക്കുന്ന അതിലെ ഏററവും പ്രായമുള്ള പുരുഷനായ അംഗമെന്നോ, പുരുഷനായ ഒരു അംഗം ഇല്ലെങ്കിൽ വയസ്സുമൂപ്പുള്ള സ്ത്രീയായ അംഗമെന്നോ അർത്ഥമാകുന്നു.

വിശദീകരണം.—വിവാഹംമൂലം ഇല്ലത്തെ അംഗങ്ങളായിത്തീരുന്ന രണ്ടോ അതിലധികമോ സ്ത്രീകളുടെയിടയിലുള്ള സീനിയോറിററി (വയസ്സുമൂപ്പ്) അവരുടെ വിവാഹത്തീയതികളനുസരിച്ചു നിശ്ചയിക്കേണ്ടതാണ്;

(ഡി) "മേജർ" (പ്രായപൂർത്തിയായ ആൾ) എന്നതിനു പതിനെട്ടു വയസ്സു പ്രായം തികഞ്ഞ ഒരാൾ എന്നർത്ഥമാകുന്നു;

(ഇ) "മൈനർ" (പ്രായപൂർത്തിയാകാത്ത ആൾ) എന്നതിനു 18 വയസ്സു പ്രായം തികയാത്ത ഒരാൾ എന്നർത്ഥമാകുന്നു;

(എഫ്) "നമ്പൂതിരി" എന്നതിനു നമ്പൂതിരി ബ്രാഹ്മണസമുദായത്തിലെ ഒരംഗമെന്നർത്ഥമാകുന്നതും, നമ്പൂതിരിമാരുടേതുപോലെയുള്ള ആചാരങ്ങളും, സമ്പ്രദായങ്ങളും അനുസരിക്കുന്ന പോററി, അടികൾ, എളയത്, എമ്പ്രാന്തിരി, മൂസ്സത്, പിടാരൻ, നമ്പൂർ, നമ്പീശൻ എന്നീ സമുദായങ്ങളിലെ അംഗങ്ങളും അതിൽ ഉൾപ്പെടുന്നതുമാകുന്നു.

3. ഇല്ലംവക സ്വത്തുക്കളിൽ അംഗങ്ങൾക്കുള്ള ഉടമാവകാശം:—(1) ഒരു ഇല്ലത്തെ ഏതൊരംഗത്തിനും, പുരുഷനോ, സ്ത്രീയോ ആയിരുന്നാലും ശരി, അതിന്റെ സ്വത്തുക്കളിൽ ഐക്യമായ ഉടമാവകാശം ഉണ്ടായിരിക്കുന്നതാണ്, യഥാസ്ഥിതിക ആചാരത്തിൽനിന്നോ, നടപ്പിൽനിന്നോ

(2) വല്ല യഥാസ്ഥിതിക ആചാരത്തിൽനിന്നോ വ്യതിചലിച്ചുവന്ന കാരണത്താൽ അങ്ങനെയുള്ള അങ്ങനെയുള്ള അംശം വ്യതിചലിച്ചുവന്ന ഉടമാവകാശത്തിന് യാതൊരു വിധത്തിലും ഭംഗമോ ദോഷ്യമോ ഉണ്ടായിരിപ്പാൻ പാടുള്ളതല്ല.

4. കണക്കുകൾ സൂക്ഷിക്കുവാൻ കാരണവനുള്ള കടമ.—കാരണവൻ ഇല്ലത്തെ വരവുചെലവുകളുടെ യഥാർത്ഥവും, കൃത്യവുമായ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷത്തെയും കണക്കുകൾ, വർഷത്തിലൊരിക്കൽ ഓരോ വർഷം കഴിഞ്ഞുവരുന്ന ഫെബ്രുവരി മാസം മുഴുവൻ മേജർ അംഗങ്ങൾക്ക് ഇല്ലത്തുവച്ച് പരിശോധിപ്പാൻ ലഭ്യമായിരിക്കേണ്ടതും അങ്ങനെയുള്ള ഏതൊരു അംഗത്തിനും ആ കണക്കുകളുടെ പകർപ്പുകളോ, ഓലയോ കുറിച്ചെടുക്കാവുന്നതുമാകുന്നു.

5. വിക്രയങ്ങളും, പണയങ്ങളും, പാട്ടച്ചാർത്തുകളും.—(1) ഒരു ഇല്ലത്തെ യാതൊരു സ്ഥാവരസ്വത്തിന്റെയും യാതൊരു വിക്രയവും അല്ലെങ്കിൽ പണയംവും, അങ്ങനെയുള്ള ഏതെങ്കിലും സ്വത്തിന്റെ യാതൊരു പാട്ടച്ചാർത്തും, ഇല്ലത്തിന്റെ ആവശ്യത്തിനോ ഗുണത്തിനോ വേണ്ടി പ്രതിഫലത്തിനായും, ഇല്ലത്തെ പ്രായപൂർത്തിയായ അംഗങ്ങളുടെ ഭൂരിപക്ഷത്തിന്റെ രേഖാമൂലമുള്ള അനുവാദത്തോടുകൂടിയും കാരണവൻ എഴുതിക്കൊടുത്തിരുന്നാലല്ലാതെ സാധുവായിരിക്കുന്നതല്ല.

(2) വല്ല പണയമോ, പാട്ടച്ചാർത്തോ എഴുതിക്കൊടുത്ത സമയത്തു പ്രാബല്യത്തിലുള്ള നിയമമനുസരിച്ച്, ഈ ആക്ട് നടപ്പിൽവരുന്നതിനു മുമ്പ് അങ്ങനെ എഴുതിക്കൊടുത്ത ഏതെങ്കിലും പണയത്തിന്റെയോ പാട്ടത്തിന്റെയോ സാധുതയെ (1)-ാം ഉപവകുപ്പിലടങ്ങിയ യാതൊന്നും തന്നെ ബാധിക്കുന്നതായി കരുതുവാൻ പാടുള്ളതല്ല.

6. കാരണവൻ വാങ്ങിയ കടം ഇല്ലത്തിന് എപ്പോൾ ബാധകമാകുന്നു.—ഒരു കാരണവൻ വാങ്ങുന്ന യാതൊരു കടമോ, എഴുതിക്കൊടുക്കുന്ന കൈവശാവകാശമില്ലാത്ത പണയമോ ഇല്ലത്തെ ആവശ്യത്തിനായി കടം വാങ്ങുകയോ, പണയം എഴുതിക്കൊടുക്കുകയോ ചെയ്യുന്നതായാലല്ലാതെ ഇല്ലത്തിനു ബാധകമായിരിക്കുന്നതല്ല.

7. ഇല്ലത്തെ ആവശ്യം തെളിയിക്കേണ്ടുന്ന ഭാരം.—ഇല്ലത്തെ ആവശ്യമോ, ഗുണാനുഭവമോ തെളിയിക്കേണ്ടുന്ന ഭാരം അതതു സംഗതിപോലെ ക്രേതാവിനോ, ഒറ്റിക്കാരനോ, പണയക്കാരനോ, മറ്റു തീറുകാരനോ, ഉത്തമർണ്ണനോ ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇല്ലത്തെ എല്ലാ മേജറംഗങ്ങളിലും ഭൂരിപക്ഷം പേർ ഇടപാടിൽ കക്ഷികളായിരിക്കുകയോ, ഇടപാടിന് അവരുടെ രേഖാമൂലമുള്ള സമ്മതം നൽകിയിരിക്കുകയോ ചെയ്താൽ, കോടതി അപ്രകാരം ആവശ്യകത നേരിട്ടിട്ടുണ്ടെന്ന് അനുമാനിക്കുന്നതാണ്.

8. ഇല്ലത്തെ അംഗങ്ങളുടെ സംരക്ഷണച്ചെലവ്.—ഒരു ഇല്ലത്തെ ഏതൊരംഗത്തിനും, ഇല്ലത്ത് അയാൾ താമസിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും, ഇല്ലത്തെ വരവിനും പരിതഃസ്ഥിതികൾക്കും അനുയോജ്യമായി സംരക്ഷണച്ചെലവ് അവകാശപ്പെടാവുന്നതാണ്.

(2) സ്വത്തുക്കൾ പ്രത്യേകം നീക്കിവയ്ക്കുന്നതിനുള്ള അവകാശം.—ഒരു ഇല്ലത്തെ ഏതൊരംഗത്തിനും അതതു സംഗതിപോലെ അയാളുടെയോ, അവളുടെയോ സംരക്ഷണച്ചെലവിനായി ഇല്ലംവക സ്വത്തുക്കൾ പ്രത്യേകം നീക്കിവച്ചുകിട്ടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ അങ്ങനെ പ്രത്യേകം നീക്കി വയ്ക്കുന്നതിന് ന്യായവും, ഉപയുക്തവുമായ കാരണമുണ്ടായിരിക്കേണ്ടതാണ്.

9. കാരണവസ്ഥാനം ഉപേക്ഷിക്കൽ.—ഏതൊരു കാരണവനും കാരണവൻ എന്ന നിലയ്ക്കുള്ള തന്റെ അവകാശങ്ങൾ ഒരു രജിസ്ട്രേഡ് ആധാരംമൂലം ഉപേക്ഷിക്കാവുന്നതാണ്.

10. ഇല്ലത്തു മൈനർമാർ മാത്രമുള്ളപ്പോൾ റിസീവറെ നിയമിക്കേണ്ടതാണെന്ന്.—ഒരു ഇല്ലത്ത് മൈനർമാരായ അംഗങ്ങൾ മാത്രമുള്ളപ്പോൾ,

ആദ്യവിചാരണാധികാരമുള്ള ഒരു പ്രിൻസിപ്പൽ സിവിൽ കോടതിയുടെ അധികാരാതിർത്തിക്കുള്ളിൽ അതു സ്ഥിതിചെയ്യുന്നുവോ ആ പ്രിൻസിപ്പൽ സിവിൽ കോടതിക്ക്, അതിൽ അവകാശബന്ധമുള്ള വല്ല ആളുടെയും അപേക്ഷയിന്മേൽ, മൈനർമാരായ അംഗങ്ങളിൽ വല്ല ആൾക്കും പ്രായപൂർത്തി എത്തുന്നതുവരെ അതിന്റെ കാര്യങ്ങൾ നോക്കി നടത്താനായി ഒരു റിസീവറെ കോടതിക്ക് യുക്തമെന്നു തോന്നുന്ന നിബന്ധനകളിന്മേൽ നിയമിക്കാവുന്നതാണ്.

11. പ്രായപൂർത്തിയായ നമ്പൂതിരി സ്ത്രീകൾക്ക് അവരുടെ വിവാഹം നടത്തിക്കുവാനും വിവാഹച്ചെലവും സ്ത്രീധനവും വസൂലാക്കുവാനും ഉള്ള അവകാശം.—(1) ഒരു ഇല്ലത്തെ അംഗങ്ങളിൽ പ്രായപൂർത്തിവന്ന ഏതെങ്കിലും അവിവാഹിതയായ സ്ത്രീ, വിവാഹം കഴിക്കുകയോ അല്ലെങ്കിൽ തന്റെ സമുദായത്തിൽപ്പെട്ട ഒരു പുരുഷനുമായുള്ള തന്റെ വിവാഹം തന്റെ സമ്മതത്തോടുകൂടി തന്റെ അച്ഛനെക്കൊണ്ടോ തന്റെ ഇല്ലത്തെ മറ്റേതെങ്കിലും അംഗത്തെക്കൊണ്ടോ നടത്തിക്കുകയോ ചെയ്യുന്നതായാൽ, അവൾക്ക് ഇല്ലം സ്വത്തുക്കളിൽ നിന്ന് ആ വിവാഹത്തിന്റെ ന്യായമായ ചെലവും അതുപോലെതന്നെ അവളുടെ സ്ത്രീധനവും വസൂലാക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ വിവാഹത്തെ സംബന്ധിച്ച് മൂന്നുമാസത്തിൽ കുറയാതെ നേരത്തെ മുൻകൂട്ടിയുള്ള നോട്ടീസ് കാരണവർക്ക് കൊടുത്തിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം വസൂലാക്കാവുന്ന സംഖ്യ വിവാഹതീയതിക്ക് ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങളുടെയും ഇടയിൽ ഇല്ലത്തെ സ്വത്തുക്കൾ ആളോഹരിയായി ഭാഗിച്ചിരുന്നുവെങ്കിൽ, ആ സ്ത്രീയംഗത്തിന് കിട്ടുമായിരുന്ന ഓഹരിവിലയുടെ മൂന്നിലൊരു ഭാഗമോ, പതിനായിരം രൂപയോ ഇതിലേതു കുറവായിരിക്കുന്നുവോ അതിൽ കവിയുവാൻ പാടില്ലാത്തതാകുന്നു:

എന്നാൽ ഒരു ഇല്ലത്ത് സ്ത്രീകൾ മാത്രമുള്ളപക്ഷം ഈ ഉപവകുപ്പുപ്രകാരം വസൂലാക്കാവുന്ന സംഖ്യ അവളുടെ ഓഹരിയുടെ മുഴുവൻവിലയായാലും ആകാവുന്നതാണ്.

12. ഭാഗം ആവശ്യപ്പെടാൻ അംഗത്തിനുള്ള അവകാശം.—(1) ഒരു ഇല്ലത്തെ പുരുഷനോ സ്ത്രീയോ ആയ ഏതൊരു അംഗത്തിനും, ഇല്ലത്തിന് കൈയൊഴിക്കുവാൻ അധികാരമുള്ള എല്ലാ സ്വത്തുക്കളിലുമുള്ള അവന്റെയോ, അവളുടെയോ ഓഹരി വാങ്ങുന്നതിന് അവകാശപ്പെടാവുന്നതും, ഇല്ലത്തു നിന്ന് വേർപിരിയാവുന്നതുമാകുന്നു.

എന്നാൽ തന്റെ ഭാര്യയുംകൂടി ഒരു അംഗമായിരിക്കുന്ന ഇല്ലത്തെ പുരുഷനായ ഒരു അംഗം ഇല്ലത്തുനിന്ന് വേർപിരിയാൻ അവകാശപ്പെടുന്ന പക്ഷം, തനിക്കും തന്റെ ഭാര്യയ്ക്കും വേണ്ടി അതേപ്രകാരം ചെയ്യേണ്ടതും, ഭർത്താവിന്റെയും ഭാര്യയുടെയും ഓഹരികൾ അവർക്ക് കൂട്ടായി നീക്കിവയ്ക്കേണ്ടതും ആകുന്നു. 13-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുംപ്രകാരമൊഴികെ ഭാര്യയ്ക്കോ ഭർത്താവിനോ മറ്റെയാളിൽ നിന്ന് ഭാഗം ആവശ്യപ്പെടുവാൻ അവകാശമില്ലാത്തതുമാകുന്നു.

(2) (എ) (1)-ാം ഉപവകുപ്പുപ്രകാരം ഒരു ഇല്ലത്തു നിന്ന് വേർപിരിയുന്ന അതിലെ ഒരംഗത്തിന് ഇല്ലത്ത് അന്ന് ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങളുടെയും ഇടയിൽ ആളോഹരി ഭാഗം ചെയ്തിരുന്നുവെങ്കിൽ ഇല്ലം സ്വത്തുക്കളിൽ അവനോ, അവൾക്കോ ലഭിക്കുമായിരുന്ന ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(ബി) (1)-ാം ഉപവകുപ്പോടുചേർന്ന ക്ലിപ്തനിബന്ധനപ്രകാരം ഒരു ഇല്ലത്തുനിന്ന് വേർപിരിയുന്ന ഭർത്താവിനും ഭാര്യയ്ക്കും ഇല്ലത്ത് അന്നു ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങളുടെയും ഇടയിൽ ആളോഹരി ഭാഗം ചെയ്തിരുന്നുവെങ്കിൽ ഇല്ലം സ്വത്തുക്കളിൽ അവർക്ക് ലഭിക്കുമായിരുന്ന ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(3) ഒരു ഇല്ലത്തു നിന്ന് വേർപിരിയാൻ മൈനറായ ഒരംഗത്തിനു വേണ്ടി ബോധിപ്പിക്കുന്ന യാതൊരു അവകാശവാദവും, യാതൊരു കോടതിയും,

അങ്ങനെയുള്ള വേർപിരിയൽ ആ ഒരെനക്ക് ഗുണകരമായിരിക്കുമെന്നു ബോദ്ധ്യമായാലല്ലാതെ, അനുവദിക്കാൻ പാടുള്ളതല്ല.

13. മതം മാറിയാലുള്ള ഭാഗം.—ഒരു ഇല്ലത്തെ ഏതെങ്കിലും അംഗം മതം മാറിയിട്ടുണ്ടെങ്കിൽ, ആ അംഗത്തിന് ഇല്ലം സ്വത്തുക്കളിൽ തന്റെ ഓഹരി വാങ്ങുകയും, ഇല്ലത്തു നിന്ന് വേർപിരിയുകയും ചെയ്യാൻ അവകാശപ്പെടുകയോ, അല്ലെങ്കിൽ അങ്ങനെ ചെയ്യാൻ ഇല്ലത്തെ മറ്റേതെങ്കിലും അംഗത്തിന് ആ അംഗത്തെ നിർബന്ധിക്കുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരം ഇല്ലത്തുനിന്നു ഭാഗിക്കുവാൻ അവകാശപ്പെടുകയോ, അല്ലെങ്കിൽ ഭാഗിക്കുവാൻ നിർബ്ബന്ധിക്കപ്പെടുകയോ ചെയ്യുന്ന അംഗത്തിന്, അപ്പോൾ ജീവിച്ചിരിപ്പുള്ള എല്ലാ അംഗങ്ങളുടേയും ഇടയിൽ ആളോഹരി ഭാഗം ചെയ്തിരുന്നുവെങ്കിൽ അവന്നോ, അവൾക്കോ ലഭിക്കുമായിരുന്ന ഇല്ലം സ്വത്തുക്കളിലെ ഓഹരിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

14. ഭാഗിച്ചുകിട്ടുന്ന സ്വത്തിന്റെ സ്വഭാവം.—12-ാം വകുപ്പ് (1)-ാം ഉപവകുപ്പു പ്രകാരമോ, 13-ാം വകുപ്പു പ്രകാരമോ ഒരു ഇല്ലത്തുനിന്നു വേർപിരിയുന്ന വല്ല അംഗത്തിനും ലഭിക്കുന്ന ഓഹരി ആ അംഗത്തിന്റെ പ്രത്യേക സ്വത്തായിരിക്കുന്നതാകുന്നു:

എന്നാൽ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പോടു ചേർത്ത ക്ലിപ്തനിബന്ധന പ്രകാരം കൂട്ടായി വേർപിരിയുന്ന ഒരു ഭർത്താവിനും ഭാര്യയ്ക്കും ലഭിക്കുന്ന ഓഹരി അവർ ഇല്ലം സ്വത്തിന്റെ ബാദ്ധ്യതകളോടുകൂടിത്തന്നെ എടുക്കേണ്ടതാകുന്നു.

15. റദ്ദാക്കൽ.—1106-ലെ തിരുവിതാംകൂർ മലയാളബ്രാഹ്മണ ആക്ട് (1106-ലെ 3), 1114-ലെ 17-ാമത്തെ കൊച്ചി നമ്പൂതിരി ആക്ട്, 1956-ലെ സംസ്ഥാന പുനസ്സംഘടന ആക്ട് (1956-ലെ 37-ാം സെൻട്രൽ ആക്ട്) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1932-ലെ മദിരാശി നമ്പൂതിരി ആക്ട് (1933-ലെ 21), ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

ഉദ്ദേശകാരണവിവരണം.

സംസ്ഥാനത്തെ നമ്പൂതിരിമാരെയും മലയാളബ്രാഹ്മണരെയും സംബന്ധിച്ചുള്ള നിയമങ്ങൾ 1106-ലെ തിരുവിതാംകൂർ മലയാളബ്രാഹ്മണ ആക്ട്, 1114-ലെ 17-ാമത്തെ കൊച്ചി നമ്പൂതിരി ആക്ട്, 1932-ലെ മദിരാശി നമ്പൂതിരി ആക്ട് ആകുന്നു. നമ്പൂതിരിമാരുടെ ഇടയിൽ ഇല്ലം ഭരണം, വിവാഹം, രക്ഷാകർത്തൃത്വം, മരണശാസനം മൂലമല്ലാതെയുള്ള പിന്തുടർച്ചാവകാശം, ദത്തെടുപ്പ് എന്നിവയും, 1932-ലെ മദിരാശി നമ്പൂതിരി ആക്ടിന്റെ സംഗതിയിൽ ഭാഗത്തിനുംകൂടി ഈ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ നമ്പൂതിരിമാർ ഉൾപ്പെടെയുള്ള ഹിന്ദുക്കളുടെ ഇടയിൽ വിവാഹം, രക്ഷാകർത്തൃത്വം, മരണശാസനംമൂലമല്ലാതെയുള്ള പിന്തുടർച്ചാവകാശം, ദത്തെടുപ്പ് എന്നീ കാര്യങ്ങളെ ഇപ്പോൾ കേന്ദ്രനിയമങ്ങളാണ് അനുശാസിക്കുന്നത്. തൽഫലമായി സംസ്ഥാന ആക്ടുകളിലെ തത്തുല്യ വ്യവസ്ഥകൾ ദുർബ്ബലപ്പെടുത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തിരുവിതാംകൂറിലെയും കൊച്ചിയിലെയും ആക്ടുകളുടെ സംഗതിയിൽ, ഇല്ലം ഭരണം സംബന്ധിച്ചുള്ള വ്യവസ്ഥകൾ മാത്രമേ ഇപ്പോൾ പ്രാബല്യത്തിലുള്ളു. ഇല്ലം ഭരണത്തെയും ഭാഗത്തെയും സംബന്ധിച്ചുള്ള വ്യവസ്ഥകൾ മദിരാശി ആക്ടിന്റെ സംഗതിയിൽ പ്രാബല്യത്തിൽ തുടർന്നുപോരുന്നുണ്ട്.

നമ്പൂതിരിമാരെ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള സംസ്ഥാന നിയമങ്ങൾ ഏകീകരിക്കുകയും, കൂടാതെ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും നമ്പൂതിരിമാരുടെ ഇടയിൽ ഭാഗത്തിനു ആവശ്യമായ വ്യവസ്ഥകൾ അധിനിയമം ചെയ്യുകയും ചെയ്യേണ്ടത് ആവശ്യമാണെന്നു കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുവാനാണ് ഈ ബിൽ കൊണ്ടുദ്ദേശിച്ചിട്ടുള്ളത്.

വി. ആർ. കൃഷ്ണയ്യർ.

Kerala Gazette No. 36 dated 3rd September 1957.
PART II

1957-ലെ 31-ാം നമ്പർ എൽ. എ. ബിൽ.

പരസ്യം.

നമ്പർ. എൽ. എ. 4-1147/57. 1957 ആഗസ്റ്റ് 24.

ഈ അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ ഉദ്ദേശകാരണ വിവരണസഹിതം, സ്പീക്കറുടെ അനുജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

1957-ലെ കേരള, ശരീരഘടനാശാസ്ത്ര ബിൽ.

പരേതന്മാരുടെ അനാഥശവങ്ങളെ ശരീരഘടനാശാസ്ത്രപരമായ പരിശോധനയ്ക്കും, വ്യവച്ഛേദനത്തിനുമായി വൈദ്യം പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ.

പരേതന്മാരുടെ അനാഥശവങ്ങളെ, ശരീരഘടനാശാസ്ത്രപരമായ പരിശോധനയ്ക്കും, വ്യവച്ഛേദനത്തിനുമായി വൈദ്യം പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകുവാൻ വ്യവസ്ഥചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ കേരള ശരീരഘടനാശാസ്ത്ര ആക്റ്റ് എന്ന് പേർ പറയാം.

(2) ഇതിന് കേരളസംസ്ഥാനമൊട്ടാകെ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഈ വകുപ്പ് ഉടനടി ഉർജ്ജിതത്തിൽ വരുന്നതും, ഈ ആക്റ്റിലെ ബാക്കിയുള്ള വ്യവസ്ഥകൾ ഗസററിൽ പരസ്യം മൂലം ഗവൺമെന്റ് നിശ്ചയിക്കാവുന്ന തീയതികളിലും പ്രദേശങ്ങളിലും ഉർജ്ജിതത്തിൽ വരുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭത്തിന് മറെറാ വിധത്തിൽ ആവശ്യമുണ്ടാകുന്നതായാലൊഴികെ:—

(എ) "അധികൃത ഉദ്യോഗസ്ഥൻ" എന്നതിന് 3-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

(ബി) "ആശുപത്രി" എന്നതിന് ഗവൺമെന്റോ, ഏതെങ്കിലും മുനിസിപ്പൽ കൗൺസിലോ, മററു തദ്ദേശാധികാരസ്ഥാനമോ സ്ഥാപിക്കുകയോ വച്ചുപോരുകയോ ചെയ്യുന്ന ഏതെങ്കിലും ആശുപത്രി എന്നർത്ഥമാകുന്നതും, ഗസററിൽ പരസ്യം മൂലം ഗവൺമെന്റ് ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് വേണ്ടി ഒരു ആശുപത്രിയായി പ്രഖ്യാപിക്കാവുന്ന മററതെങ്കിലും ആശുപത്രി ഇതിൽ ഉൾപ്പെടുന്നതുമാകുന്നു.

(സി) "അടുത്ത ബന്ധു" എന്നാൽ പരേതനുള്ള താഴെ പറയുന്ന ബന്ധുക്കളിൽ ആരെങ്കിലും, അതായത് ഭാര്യ, ഭർത്താവ്, മാതാവ് അല്ലെ

കിൽ പിതാവ്, പുത്രൻ, പുത്രി, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നർത്ഥമാകുന്നതും, (i) ആ സ്ഥാനങ്ങൾക്കുള്ളിൽ നേർവഴിക്കുള്ള രക്തബന്ധം മൂലമോ അഥവാ സ്ഥാനങ്ങൾക്കുള്ളിൽ പാർശ്വവഴിക്കുള്ള രക്തബന്ധം മൂലമോ അല്ലെങ്കിൽ (ii) മേല്പറഞ്ഞ ബന്ധുക്കളിൽ ആരെയെങ്കിലുമായുള്ള വിവാഹം മൂലമോ പരേതനുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ആളും അതിൽ ഉൾപ്പെടുന്നതുമാകുന്നു.

വിശദീകരണം.—"നേർവഴിക്കുള്ള രക്തബന്ധം" "പാർശ്വവഴിക്കുള്ള രക്തബന്ധം" എന്നിവയ്ക്ക് 1925-ലെ ഇൻഡ്യൻ പിന്തുടർച്ചാവകാശ ആക്റ്റിൽ അവയ്ക്കു കൊടുത്തിട്ടുള്ള അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതും, ബന്ധുത്വത്തിന്റെ സ്ഥാനങ്ങൾ ആ ആക്റ്റിൽ നിശ്ചയിച്ചുവിധത്തിൽ കണക്കാക്കേണ്ടതുമാകുന്നു.

(ഡി) "നിർണ്ണയിക്കപ്പെട്ട" എന്നതിന് ഈ ആക്റ്റ് പ്രകാരം ഗവൺമെന്റ് ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(ഇ) "വൈദ്യം പഠിപ്പിക്കുന്ന സ്ഥാപനം" എന്നതിന് ഈ ആക്റ്റിനോടു ചേർത്ത പട്ടികയിൽ പ്രസ്താവിക്കപ്പെട്ട ഏതെങ്കിലും സ്ഥാപനം എന്നർത്ഥമാകുന്നതും ഗസറ്റിൽ പരസ്യം മൂലം ഗവൺമെന്റ് ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, വൈദ്യം പഠിപ്പിക്കുന്ന സ്ഥാപനമായി പ്രഖ്യാപിക്കാവുന്ന മറ്റേതെങ്കിലും സ്ഥാപനം അതിൽ ഉൾപ്പെടുന്നതുമാകുന്നു.

(എഫ്) "അനാഥജഡം" എന്നതിന് ഒരു ആശുപത്രിയിൽ വച്ചോ, കാരാഗൃഹത്തിലോ, പൊതുസ്ഥലത്തോ വച്ചോ ഒരാൾ മരിക്കുകയും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അയാളുടെ അടുത്ത ബന്ധുക്കളിൽ ആരെങ്കിലും അയാളുടെ മൃതദേഹം അവകാശപ്പെടാതിരിക്കുകയും ചെയ്താൽ, ആ മൃതദേഹം എന്നർത്ഥമാകുന്നു.

3. 4-ാം വകുപ്പുപ്രകാരം പ്രവർത്തിക്കുവാൻ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തുന്നതിന് ഗവൺമെന്റിനുള്ള അധികാരം.—ഗവൺമെന്റിന്, ഗസറ്റിൽ പരസ്യംമൂലം, ഈ ആക്റ്റ് പ്രയോജ്യമാക്കപ്പെട്ട പ്രദേശത്തേക്കോ, അതിന്റെ വല്ല ഭാഗത്തേക്കോ വേണ്ടി 4-ാം വകുപ്പുപ്രകാരം ഒരു റിപ്പോർട്ട് അയയ്ക്കപ്പെടേണ്ടവരും, മേല്പടി വകുപ്പുപ്രകാരം പ്രവർത്തിക്കുവാൻ അധികാരമുണ്ടായിരിക്കേണ്ടവരും ആയ ഒന്നോ അതിലധികമോ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്താവുന്നതാകുന്നു.

4. ആശുപത്രികളിലും, കാരാഗൃഹങ്ങളിലും, പൊതുസ്ഥലങ്ങളിലും ഉള്ള അനാഥജഡങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന്.—(1) ഒരാൾ ഒരു ആശുപത്രിയിലോ, കാരാഗൃഹത്തിലോവച്ചു മരിക്കുകയും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അയാളുടെ അടുത്ത ബന്ധുക്കളിൽ ആരും തന്നെ അയാളുടെ മൃതദേഹം അവകാശപ്പെടാതിരിക്കുകയും ചെയ്യുന്നതായാൽ, ആ ആശുപത്രിയുടെയോ കാരാഗൃഹത്തിന്റെയോ ചാർജ്ജ് വഹിക്കുന്ന അധികാരസ്ഥൻ ആ സംഗതി കഴിയുന്നത്ര വേഗം അധികൃത ഉദ്യോഗസ്ഥനെ റിപ്പോർട്ട് ചെയ്യേണ്ടതും, മേല്പറഞ്ഞ ഉദ്യോഗസ്ഥൻ, ആ അനാഥജഡം കൈവശപ്പെടുത്തേണ്ടതും, (3)-ം (4)-ം ഉപവകുപ്പുകളിൽ പരാമർശിക്കപ്പെട്ട സംഗതിയിലൊഴികെ, ശരീരശാസ്ത്രപരമായ പരിശോധനയും, വ്യവച്ഛേദനവും നടത്തുന്നതിനായി വൈദ്യം പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്ന അധികാരസ്ഥൻ അതിന് ആവശ്യപ്പെടുന്നതായാൽ, ആ അധികാരസ്ഥനെ അത് ഏല്പിക്കേണ്ടതുമാകുന്നു.

(2) സ്ഥിരം താമസസ്ഥലമില്ലാത്ത ഒരാൾ ഒരു പ്രദേശത്തെ ഏതെങ്കിലും പൊതുസ്ഥലത്തുവച്ചു മരിക്കുകയും, അയാളുടെ മൃതദേഹം അയാളുടെ അടുത്ത ബന്ധുക്കളിൽ ആരും, നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനുള്ളിൽ അവകാശപ്പെടാതിരിക്കുകയും ചെയ്യുന്നതായാൽ, അധികൃത ഉദ്യോഗസ്ഥൻ, ആ അനാഥജഡം കൈവശപ്പെടുത്തേണ്ടതും, (3)-ം (4)-ം ഉപവകുപ്പുകളിൽ പരാമർശിക്ക

പ്പെട്ട സംഗതിയിലൊഴികെ, (1)-ാം ഉപവകുപ്പിൽ പ്രസ്താവിച്ച ആവശ്യത്തിനായി വൈദ്യം പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്ന അധികാരസ്ഥൻ അത് ആവശ്യപ്പെടുന്നതായാൽ, ആ അധികാരസ്ഥനെ ഏല്പിക്കേണ്ടതുമാകുന്നു.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധികൃത ഉദ്യോഗസ്ഥൻ—

(എ) പരേതന്റെ ഒരു അടുത്ത ബന്ധു ജീവിച്ചിരിപ്പുണ്ടെന്ന് അറിയുകയും, നിയന്ത്രണാതീതമായ കാരണങ്ങളാൽ, നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിൽ മൃതദേഹം അവകാശപ്പെടുവാൻ അയാൾ വീഴ്ച ചെയ്യുകയും ചെയ്യുമ്പോഴോ; അല്ലെങ്കിൽ

(ബി) പരേതൻ തന്റെ മരണത്തിനുമുമ്പായി, തന്റെ മൃതദേഹം ശരീരശാസ്ത്രപരമായ പരിശോധനയ്ക്കോ, വ്യവച്ഛേദനത്തിനോ, അഥവാ രണ്ടിനുമോ വിധേയമാക്കരുതെന്ന് പ്രഖ്യാപിച്ചിരിക്കുമ്പോഴോ, ആ മൃതദേഹം; പരേതന്റെ മതം വകയായുള്ള മതസ്ഥാപനത്തിനോ, പൊതു സ്ഥാപനത്തിനോ, നിർണ്ണയിക്കപ്പെടാവുന്ന നിബന്ധനകൾക്ക് വിധേയമായി, ഏല്പിച്ചുകൊടുക്കേണ്ടതാകുന്നു.

(4) മരണകാരണത്തെപ്പറ്റി വല്ല സംശയവും ഉണ്ടാകുമ്പോഴോ, അല്ലെങ്കിൽ വല്ല കാരണത്താലും അധികൃത ഉദ്യോഗസ്ഥന് താൻ ചെയ്യുന്നതു യുക്തമാണെന്ന് തോന്നുമ്പോഴോ, അദ്ദേഹം 1898-ലെ ക്രിമിനൽ നടപടി നിയമത്തിലെ 174-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പോലീസുദ്യോഗസ്ഥന് ആ അനാഥശവം അയച്ചുകൊടുക്കേണ്ടതാണ്.

(5) ഈ വകുപ്പുപ്രകാരം അധികൃത ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയ വല്ല അനാഥശവവും വൈദ്യം പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്ന അധികാരസ്ഥൻ (1)-ാം ഉപവകുപ്പിൽ പ്രസ്താവിക്കപ്പെട്ട കാര്യത്തിനായി ആവശ്യപ്പെടാത്തപക്ഷം, അത് നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ കൈയൊഴിക്കേണ്ടതാണ്.

5. അടുത്ത ബന്ധുവെ സംബന്ധിച്ചുള്ള സംശയമോ, തർക്കമോ ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ടിന്റെ അഭിപ്രായത്തിനയയ്ക്കേണ്ടതാണെന്ന്.—(1) ഒരാൾ പരേതന്റെ അടുത്ത ബന്ധുവോ, അല്ലയോ എന്നതിനെ സംബന്ധിച്ച്, 4-ാം വകുപ്പിന്റെ ആവശ്യങ്ങൾക്ക് വല്ല സംശയമോ, തർക്കമോ ഉത്ഭവിക്കുന്നതായാൽ, ആ കാര്യം ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ അഭിപ്രായത്തിനയയ്ക്കേണ്ടതും, ആ മജിസ്ട്രേട്ടിന്റെ തീർപ്പ്, അവസാനത്തേതും നിർണ്ണയകവുമായിരിക്കേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള തീർപ്പ് ഉണ്ടാകുന്നതുവരെ, പരേതന്റെ ശവം, നിർണ്ണയിക്കപ്പെടാവുന്നവിധത്തിൽ, കേടുവരാതെ സൂക്ഷിക്കേണ്ടതാണ്.

6. ശിക്ഷ.—ഈ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുംപ്രകാരമൊഴികെ, ആരെങ്കിലും ഒരനാഥശവത്തെ കൈയൊഴിക്കുകയോ, കൈയൊഴിക്കുവാൻ പ്രോത്സാഹിപ്പിക്കുകയോ, അല്ലെങ്കിൽ വൈദ്യം പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന്റെ ചാർജ്ജ് വഹിക്കുന്ന ഏതെങ്കിലും അധികാരസ്ഥനെയോ, ഒരു അധികൃത ഉദ്യോഗസ്ഥനെയോ, 4-ാം വകുപ്പിൽ പ്രസ്താവിച്ച ഉദ്ദേശത്തിനായി ആ മൃതദേഹം ഏല്പിക്കുകയോ, കൈവശപ്പെടുത്തുകയോ, നീക്കം ചെയ്യുകയോ, ഉപയോഗിക്കുകയോ ചെയ്യുന്നതിൽ, തടസ്സപ്പെടുത്തുകയോ ചെയ്യുന്നതായാൽ, അങ്ങനെയുള്ള ഏതൊരാൾക്കും അഞ്ഞൂറു രൂപയോളം വരാവുന്ന പിഴശിക്ഷ കല്പിക്കേണ്ടതാണ്.

7. അനാഥശവങ്ങൾ കൈവശപ്പെടുത്തുവാൻ സഹായിക്കുന്നതിന് പോലീസുദ്യോഗസ്ഥന്മാരുടെയും മറ്റു ഉദ്യോഗസ്ഥന്മാരുടെയും ചുമതല.—പോലീസ്, മെഡിക്കൽ, പബ്ലിക് ഹെൽത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളിലെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും എല്ലാ ഉദ്യോഗസ്ഥന്മാരും, ജീവനക്കാരും,

ത്തിന്റെ സർവ്വീസിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും, ജീവനക്കാരും, എല്ലാ വിദ്യാലയ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ഈ ആക്ട് പ്രകാരം അധികൃതഉദ്യോഗസ്ഥന്മാർക്കുള്ള കടമകൾ നിർവ്വഹിക്കുവാൻ അവരെ സഹായിക്കുന്നതിന് ന്യായമായ എല്ലാ നടപടികളും എടുക്കുവാൻ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

8. ഈ ആക്ടപ്രകാരം പ്രവർത്തിക്കുന്ന ആളുകൾക്കു രക്ഷ.— ഈ ആക്ടനുസരിച്ച് ഉത്തമവിശ്വാസ്യമായി ചെയ്തതോ, ചെയ്യുവാനാളുദ്ദേശിച്ചതോ ആയ യാതൊന്നിനും, യാതൊരാളുടെ പേരിലും യാതൊരു വ്യവഹാരമോ, പ്രോസിക്യൂഷനോ, നിയമാനുസൃതമായ മററു നടപടിയോ ബോധിപ്പിക്കുവാൻ പാടുള്ളതല്ല.

9. ഉദ്യോഗസ്ഥന്മാർ സർക്കാർ ജീവനക്കാരായിരിക്കേണ്ടതാണെന്ന്.— ഈ ആക്ടപ്രകാരം പ്രവർത്തിക്കുവാൻ നിയമിതരാവുകയോ, അധികൃതരാവുകയോ ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥന്മാരെയും 1860-ലെ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ സർക്കാർ ജീവനക്കാരായി കരുതേണ്ടതാകുന്നു.

10. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) ഗസററിൽ പരസ്യം മൂലം ഗവൺമെൻറിന് ഈ ആക്ടിന്റെ ആവശ്യങ്ങൾ നിറവേററുവാൻ ചട്ടങ്ങളുണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരങ്ങളുടെ സാമാന്യതയ്ക്കു ഭംഗം കൂടാതെയും അങ്ങനെയുള്ള ചട്ടങ്ങൾ മൂലം താഴെപ്പറയുന്നവയ്ക്കു വ്യവസ്ഥ ചെയ്യാവുന്നതാണ്:—

(എ) പരേതന്റെ ജഡം അടുത്ത ഒരു ബന്ധുവിന് ഏതു കാലത്തിനുള്ളിൽ അവകാശപ്പെടാമോ ആ കാലം;

(ബി) ഒരനാഥജഡം 4-ാം വകുപ്പുപ്രകാരം കൈയൊഴിക്കുന്നതിനുള്ള നടപടിക്രമം;

(സി) 4 (3)-ാം വകുപ്പിന്റെ ആവശ്യങ്ങൾക്കായി സ്ഥാപനങ്ങളെ ഏതു നിശ്ചയങ്ങൾപ്രകാരം അംഗീകരിക്കാമോ ആ നിശ്ചയങ്ങൾ;

(ഡി) മൃതദേഹം കേടുവരാതെ സൂക്ഷിക്കാവുന്ന വിധം;

(ഇ) 5 (1)-ാം വകുപ്പുപ്രകാരമുള്ള നടപടികൾക്കുള്ള നടപടിക്രമം;

(എഫ്) നിർണ്ണയിക്കേണ്ടതും, നിർണ്ണയിക്കാവുന്നതുമായ കാര്യങ്ങൾ.

പട്ടിക.

[2 (ഇ) വകുപ്പ് നോക്കുക.]

1. മെഡിക്കൽ കാളേജ്, തിരുവനന്തപുരം.
2. മെഡിക്കൽ കാളേജ്, കോഴിക്കോട്.
3. ആയുർവ്വേദ കാളേജ്, തിരുവനന്തപുരം.

ഉദ്ദേശകാരണവിവരണം.

ശരീരഘടനാശാസ്ത്രപരമായ പരിശോധനയ്ക്കും, വ്യവച്ഛേദനത്തിനുമായി, സംസ്ഥാനത്തെ വൈദ്യവിദ്യാസ്ഥാപനങ്ങളിൽ ഒട്ടനേകം മൃതദേഹങ്ങൾ ആവശ്യമുണ്ടെന്നു തോന്നുന്നു. അനാഥജഡങ്ങൾ, ശരീരഘടനാശാസ്ത്രപരമായ പരിശോധനയ്ക്കും, വ്യവച്ഛേദനത്തിനുമായി ഈ സ്ഥാപനങ്ങൾക്ക് നൽകുവാൻ വ്യവസ്ഥചെയ്യുന്നതിന് ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്നു.

ഡാക്ടർ ഏ. ആർ. മേനോൻ.

Kerala Gazette No. 36 dated 3rd September 1957.

PART II

പരസ്യം.

നമ്പർ എൽ. എ. 4—1161/57. 1957 ആഗസ്റ്റ് 27.

ഈ അസംബ്ലിയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബില്ലുകൾ, ഉദ്ദേശകാരണവിവരണസഹിതം സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടറിയേററ്, വി. ശ്രീധരമേനോൻ (?),
തിരുവനന്തപുരം. സെക്രട്ടറി, ലെജിസ്ലേററീവ് അസംബ്ലി.

1. 1957-ലെ, മദിരാശി ഗ്രാമപ്പഞ്ചായത്തു് (ഭേദഗതി) ബിൽ.
2. 1957-ലെ, മദിരാശി ഡിസ്ട്രിക്ററ് ബോർഡു് (ഭേദഗതി) ബിൽ.

L. A. Bill No. 34 of 1957.

1957-ലെ, മദിരാശി ഗ്രാമപ്പഞ്ചായത്തു് (ഭേദഗതി) ബിൽ.

1950-ലെ മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററ്
ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.— 1950-ലെ, മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററ് ഇനിമേൽ കാണുന്ന കാര്യത്തിനു് ഭേദഗതി ചെയ്യുന്നതു് യുക്തമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിൻെറ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്യപ്പെടുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.— (1) ഈ ആക്ററിനു് 1957-ലെ മദിരാശി ഗ്രാമപ്പഞ്ചായത്തു് (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഗസററിൽ പരസ്യംമൂലം ഗവൺമെൻറ് നിശ്ചയിക്കുന്ന തീയതിക്കു് ഇതു് പ്രാബല്യത്തിൽ വരുന്നതാണു്.

2. 63-ാം വകുപ്പിൻെറ ഭേദഗതി.— 1956-ലെ, സംസ്ഥാന പുനഃസംഘടനാ ആക്ററ്, 5-ാം വകുപ്പ്, 2-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1950-ലെ, മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററ് (1950-ലെ X-ാം മദിരാശി ആക്ററ്) 63-ാം വകുപ്പ്, (3)-ാം ഉപവകുപ്പിൽ, (എ) എന്ന ഖണ്ഡത്തിനുപകരം താഴെ പറയുന്ന ഖണ്ഡം ചേർക്കണം; അതായതു്:—

"(എ) ഗസററിൽ പരസ്യംമൂലം ഗവൺമെൻറിനു് ഒഴിവാക്കാവുന്ന ഏതെങ്കിലും ഭൂമിയോ, ഏതെങ്കിലും തരത്തിൽപ്പെട്ട ഭൂമികളോ അല്ലാത്ത എല്ലാ ഭൂമികളിന്മേലും ഓരോ അഞ്ചുസെൻറു ഭൂമിക്കും അഥവാ അതിൻെറ ഭാഗത്തിനും വർഷത്തിൽ ഒരു നയാപൈസ എന്ന നിരക്കിൽ ഒരു നിലവരി''.

ഉദ്ദേശകാരണവിവരണം.

1950-ലെ, മദിരാശി ഗ്രാമപ്പഞ്ചായത്തു് ആക്ററ്, 63-ാം വകുപ്പ്, (3)-ാം ഉപവകുപ്പ് (എ) ഖണ്ഡപ്രകാരം ഏതൊരു പഞ്ചായത്തിനും, കെട്ടിടങ്ങളില്ലാത്തതോ, അല്ലെങ്കിൽ കെട്ടിടങ്ങളുടെ തൊട്ടടുത്തും അവയുമായി ബന്ധപ്പെട്ടും കിടക്കുന്നതല്ലാത്തതോ ആയ എല്ലാ കൈവശഭൂമികളുടെയും വർഷാന്തര പാട്ടവിലയിന്മേൽ ഉറുപ്പികക്കു് 3 പൈ എന്ന നിരക്കിൽ ഒരു നിലവരി ചുമത്താവുന്നതാകുന്നു. ഭൂമിയിൽ കെട്ടിടങ്ങളുണ്ടായിരുന്നാലും, അല്ലെങ്കിൽ ഭൂമി കെട്ടിടങ്ങളുടെ തൊട്ടടുത്തും അവയുമായി ബന്ധപ്പെട്ടും കിടന്നിരുന്നാലും, അല്ലാതിരുന്നാലും വേണ്ടില്ല, ഓരോ അഞ്ചുസെൻറു ഭൂമിക്കും വർഷത്തിൽ ഒരു നയാപൈസ എന്ന ഏകരീതിനിരക്കിൽ നിലവരി ചുമത്തുവാനുദ്ദേശിക്കുന്നു. ഈ ലക്ഷ്യം നിറവേററുകയെന്നതാണു് ബില്ലിൻെറ ഉദ്ദേശം.

പി. കെ. ചാത്തൻ.

1957-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് (ഭേദഗതി) ബിൽ

1920-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് ആക്ട് ഭേദഗതി ചെയ്യുന്ന ഒരു ബിൽ.

പീഠിക.—1920-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് ആക്ട് ഇതിനുശേഷം കാണുന്ന കാര്യങ്ങൾക്കുവേണ്ടി ഭേദഗതി ചെയ്യുന്നത് ആവശ്യമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്യുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ടിന് 1957-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് (ഭേദഗതി) ആക്ട് എന്നു പേർ പറയാം.

(2) ഗസറ്റിൽ പരസ്യംമൂലം ഗവണ്മെന്റ് നിശ്ചയിക്കാവുന്ന തീയതിക്ക് ഇതു പ്രാബല്യത്തിൽ വരുന്നതാണ്.

2. 1920-ലെ 14-ാം മദിരാശി ആക്ട്, 74(ബി) വകുപ്പിന്റെ ഭേദഗതി.—1956-ലെ സംസ്ഥാന പുനസ്സംഘടനാ ആക്ട് 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയിൽ പ്രാബല്യത്തിലിരിക്കുന്ന 1920-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് ആക്ട് (ഇതിനുശേഷം "പ്രധാന ആക്ട്" എന്നാണ് പറയപ്പെടുക) 74 (ബി) വകുപ്പിൽ "ഭൂമികളുടെ വർഷാന്ത പാട്ടവിലയിന്മേലുള്ള ഒരു നികുതി ആയ" എന്ന വാക്കുകൾ വിട്ടുകളയണം.

3. 1920-ലെ 14-ാം മദിരാശി ആക്ട്, 78-ാം വകുപ്പിനു പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്ട് 78-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പു ചേർക്കണം, അതായത്:—

"78. നിലവരി.—ഗസറ്റിൽ പരസ്യംമൂലം ഗവണ്മെന്റിന് ഒഴിവാക്കാവുന്ന ഏതെങ്കിലും ഭൂമിയോ, ഏതെങ്കിലും തരത്തിൽപ്പെട്ട ഭൂമികളോ അല്ലാത്ത എല്ലാ ജില്ലാഭൂമികളിന്മേലും നിലവരി ചുമത്തേണ്ടതും, അത് ഓരോ അഞ്ചു സെന്റ് ഭൂമിക്കും അഥവാ അതിന്റെ ഭാഗത്തിനും വർഷത്തിൽ ഒരു നയാ പൈസ നികുതിയായിരിക്കേണ്ടതും ആകുന്നു."

4. 1920-ലെ 14-ാം മദിരാശി ആക്ട്, 79 മുതൽ 86 വരെയുള്ള വകുപ്പുകൾ വിട്ടുകളയൽ.—പ്രധാന ആക്ട്, 79 മുതൽ 86 വരെയുള്ള വകുപ്പുകൾ വിട്ടുകളയണം.

5. 1920-ലെ 14-ാം മദിരാശി ആക്ട്, 87-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ട്, 87-ാം വകുപ്പിൽ, "റയോട്ടുവാരി നടപ്പവകാശത്തിന്മേൽ കൈവശംവെക്കുന്ന ഭൂമികളുടെ സംഗതിയിൽ" എന്ന വാക്കുകൾ വിട്ടുകളയണം.

6. 1920-ലെ 14-ാം മദിരാശി ആക്ട്, 90-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്ട്, 90-ാം വകുപ്പ് വിട്ടുകളയണം.

ഉദ്ദേശകാരണവിവരണം.

1920-ലെ മദിരാശി ഡിസ്ട്രിക്ട് ബോർഡ് ആക്ട്, 78-ാം വകുപ്പു പ്രകാരം നിലവരി ഏതു നടപ്പവകാശത്തിന്മേൽ കൈവശം വച്ചിരുന്നാലും വേണ്ടതില്ല, കൈവശം വച്ചിരിക്കുന്ന എല്ലാ ഭൂമികളുടേയും വർഷാന്ത പാട്ടവിലയിന്മേൽ ചുമത്തേണ്ടതും, ആ ജില്ലയിലെ അങ്ങനെയുള്ള എല്ലാ ഭൂമികളുടേയും വർഷാന്ത പാട്ടവിലയിൽ ഉറുപ്പികക്കു രണ്ടണ നികുതി ആയിരിക്കേണ്ടതും ആകുന്നു. ഭൂമി കൈവശം വച്ചിരുന്നാലും അല്ലെങ്കിലും ഓരോ അഞ്ചു സെന്റ് ഭൂമിക്കും അഥവാ അതിന്റെ ഭാഗത്തിനും വർഷത്തിൽ ഒരു നയാ പൈസ എന്ന ഏകരീതി നിരക്കിൽ നിലവരി ചുമത്തുവാനുദ്ദേശിക്കുന്നു. ബില്ലിലെ 3-ാം ഖണ്ഡം ഈ ലക്ഷ്യം നിറവേറ്റുവാനുദ്ദേശിച്ചിട്ടുള്ളതാണ്. മറ്റു ഭേദഗതികൾ അനന്തരഫലമായിട്ടുള്ളവ മാത്രമാണ്.

പി. കെ. ചാത്തൻ.